## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3555** — **15/03/2018 ൽ മറുപടിക്ക്**

# സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലയിൽ വൈദഗ്ദ്ധ്യ വികസന പരിപാടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബി.സത്യൻ**<br>**ശ്രീ.വി. അബ്ദുറഹിമാൻ**<br>**ശ്രീ.പി.കെ. ശശി**<br>**ശ്രീ.വി. കെ. സി. മമ്മത് കോയ** | **ശ്രീ. എ.സി.മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട വ്യവസായ മേഖലയിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വൈദഗ്ദ്ധ്യ വികസന പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സൂക്ഷ്മ-ചെറുകിട വ്യവസായ സംരംഭക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി ഈ മേഖലയിൽ സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി ഈ മേഖലയിൽ സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.<br>**1. സംരംഭകത്വ വികസന പരിപാടി**<br>ഒരു സംരംഭം വിജയകരമായി നടത്തിക്കൊണ്ടു പോകുന്നതിനുള്ള കഴിവ് സംരംഭകരിൽ വളർത്തിയെടുക്കുന്നതിനായി ഓരോ പ്രദേശത്തിന്റെയും അനുയോജ്യമായ മേഖലയിൽ, 30 പേരടങ്ങുന്ന ബാച്ചുകളിലായി, 15 ദിവസം നീണ്ടുനിൽക്കുന്ന പരിശീലനമാണ് സംരംഭകത്വ വികസന പരിപാടി മുഖേന നൽകുന്നത് .<br>**2. നിക്ഷേപ സംഗമം**<br>നിക്ഷേപ സാധ്യത പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലാ താലൂക്ക് തലത്തിൽ നടത്തുന്ന പരിപാടിയിൽ നിക്ഷേപകർക്കും, സംരംഭകർക്കും സാമ്പത്തികാനുബന്ധ സ്ഥാപനങ്ങൾക്കും പരസ്പരം ആശയവിനിമയത്തിനുള്ള അവസരം നിക്ഷേപ സംഗമം വഴി ലഭിക്കുന്നു.<br>**3. ടെക്നോളജി ക്ലിനിക്**<br>സംരംഭകർക്ക് സാങ്കേതികമായ പരിജ്ഞാനം നൽകുന്ന ടെക്നോളജി ക്ലിനിക് പരിപാടിയിൽ സാങ്കേതിക സ്ഥാപനങ്ങളിലെ വിദഗ്ധർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. ജില്ലാതലത്തിൽ |

| | | | |
|---|---|---|---|
| | | | രണ്ടു ദിവസത്തെ പരിപാടിയാണ് ടെക്നോളജി ക്ലിനിക് വഴി നടത്തുന്നത്.<br>**4. സംരംഭക ബോധവൽക്കരണ പരിപാടി**<br>വിദ്യർത്ഥികളിൽ സംരംഭകത്വശീലം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, സംസ്ഥാനത്തെ വിവിധ പോളിടെക്നിക്കുകൾ, ഐ.ഐ.റ്റി - കൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. സാധ്യമായ അവസരങ്ങളെക്കുറിച്ചും നിലവിലെ സാഹചര്യങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാൻമാരാക്കാൻ ഈ പരിപാടി കൊണ്ട് ലക്ഷ്യമിടുന്നു.<br>**5. ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം**<br>സംസ്ഥാനത്തെ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവാക്കൾക്ക് വിവിധ മേഖലകളിൽ നൈപുണ്യ വികസനത്തിനുള്ള പരിശീലനം ജില്ലാതലത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം വഴി നൽകുന്നു. ഒരോ ജില്ലയ്ക്കും അനുയോജ്യമായ ജി.വൈ.ബി, എസ്.ഐ.വൈ.ബി പരിപാടികളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംരംഭകർക്കുള്ള ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ വിവിധ പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിനുള്ള ചെലവുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (സി) & (ഡി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി സംഘടിപ്പിക്കുന്ന സംരംഭകർക്കുള്ള ബോധവൽക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, വിവിധ പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് 8 കോടി രൂപ നടപ്പുസാമ്പത്തിക വർഷം 'കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ഈ പദ്ധതിയ്ക്കായി നടപ്പുസാമ്പത്തിക വർഷം എത്ര രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**